ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:08-04-2025**

## പ്രധാനവാർത്തകൾ

1. പത്തുവർഷം പൂർത്തിയാക്കി മുദ്രാ വായ്പ യോജന; രാജ്യത്തെ പാവപ്പെട്ടവരുടെ സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ പദ്ധതി വഴിയൊരുക്കിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. ഇന്ത്യയെ സുസ്ഥിര വികസിത രാഷ്ട്രമാക്കുന്നതിന് മുൻനിര രാഷ്ട്രങ്ങളുമായി മത്സരിക്കേണ്ടിവരുമെന്നും അതിനായി യുവജനങ്ങൾ കഠിനാധ്വാനം ചെയ്യണമെന്നും കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ.

3. 26 ലക്ഷം കുട്ടികൾക്ക് 4 കിലോ വീതം അരി വിതരണം ചെയ്യുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി.ശിവൻകുട്ടി നിർവ്വഹിച്ചു.

4. മലപ്പുറത്ത് പ്രസവത്തിനിടെ യുവതി മരിച്ച സംഭവത്തിൽ ഭർത്താവിനെതിരെ മനപ്പൂർവമല്ലാത്ത നരഹത്യക്ക് കേസെടുത്തു.

5. കുടുംബശ്രീ ബാലസഭകളിൽ ഇന്ന് തിരഞ്ഞെടുപ്പ് ; 4.6 ലക്ഷം കുട്ടികൾ പങ്കെടുക്കുന്നു.

6. സംസ്ഥാന കേരളോത്സവത്തിന് കോതമംഗലത്ത് ഇന്ന് തുടക്കമാകും.

&&&&&&&&&&&&&&&&

RNU TVPM

## പ്രധാനമന്ത്രി -മുദ്രാ യോജന (ഇൻട്രോ)

രാജ്യത്തെ പാവപ്പെട്ടവരുടെ സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ മുദ്രാ യോജന വഴിയൊരുക്കിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഓരോ മുദ്ര വായ്പയും ഗുണഭോക്താവിന് മുന്നേറാനുള്ള അവസരവും അന്തസ്സും, ആത്മാഭിമാനവും പ്രാപ്യമാക്കി. പ്രധാനമന്ത്രി മുദ്രാ യോജന 10 വർഷം പൂർത്തീകരിക്കുന്ന വേളയിൽ പദ്ധതി ഗുണഭോക്താക്കളുമായി തൻറെ വസതിയിൽ സംവദിക്കുകയായിരുന്നു അദ്ദേഹം. പട്ടികജാതി- പട്ടികവർഗക്കാരും ഒബിസി വിഭാഗവുമാണ് പദ്ധതി ഗുണഭോക്താക്കളിൽ പകുതിയും. മുദ്രവായ്പ ലഭിച്ചവരിൽ 70 ശതമാനംപേരും സ്ത്രീകളാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

2015 ന് ആരംഭിച്ച പ്രധാനമന്ത്രി മുദ്രാ യോജനയിലൂടെ ഇതുവരെ 52 കോടി വായ്പകളിലായി 32.6 ലക്ഷം കോടി രൂപയാണ് അനുവദിച്ചത്.

RNUTVPM

&&&&&&&&&&&&&&&&

## സർബാനന്ദ സോനോവാൾ (ഇൻട്രോ)

ഇന്ത്യയെ സുസ്ഥിര വികസിത രാഷ്ട്രമാക്കുന്നതിന് മുന്നിര രാജ്യങ്ങളുമായി മത്സരിക്കേണ്ടി വരുമെന്നും നമ്മുടെ മികവ് മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കേണ്ടി വരുമെന്നും കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ. അതിനായി യുവജനങ്ങൾ കഠിനാധ്വാനം ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയുടെ പെൺകുട്ടികളുടെ ഹോസ്റ്റൽ - ലൈബ്രറി കെട്ടിടങ്ങളുടെ തറക്കല്ലിടൽ

കൊച്ചിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. (ഹോൾഡ് വോയ്സ്.......)
ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയുടെ ക്യാമ്പസുകളുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും കേന്ദ്രമന്ത്രി വിർച്വലായി

നിർവഹിച്ചു.

**&&&&&&&&&&&&&&&&**

## നിയമസഭ ബിൽ -സുപ്രീംകോടതി

നിയമസഭകൾ പാസാക്കിയ ബില്ലുകളിൽ ഗവർണർമാർ പരമാവധി മൂന്ന് മാസത്തിനുള്ളിൽ തീരുമാനം എടുക്കണമെന്ന് സുപ്രീംകോടതി. ബില്ലുകൾ വീണ്ടും പാസാക്കി നിയമസഭ തിരിച്ച് അയച്ചാൽ പരമാവധി ഒരു മാസത്തിനുള്ളിൽ തീരുമാനമെടുക്കണം. ബില്ല് തടഞ്ഞു വയ്ക്കാനോ രാഷ്ട്രപതിക്ക് അയക്കാനോ തീരുമാനിക്കുകയാണെങ്കിൽ ഒരു മാസത്തിനകം ഗവർണർ നടപടി സ്വീകരിക്കണം. ബില്ലുകളിൽ തീരുമാനം നീട്ടിവച്ച ഗവർണറുടെ നടപടി ചോദ്യംചെയ്ത് തമിഴ്നാട് സർക്കാർ സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്. ഗവർണർ തടഞ്ഞുവച്ച പത്തു ബില്ലുകളും സുപ്രീംകോടതി അംഗീകരിച്ചു.

RNU TVPM

**&&&&&&&&&&&&&&&&**

## പി രാജീവ് പ്രതികരണം

തമിഴ്നാട് ഗവർണറർ തടഞ്ഞുവച്ച ബില്ലുകൾ അംഗീകരിച്ച സുപ്രീംകോടതി വിധി സ്വാഗതം ചെയ്യുന്നതായി മന്ത്രി പി രാജീവ് മാധ്യമങ്ങളോട് പറഞ്ഞു. മന്ത്രിസഭയുടെ ഉപദേശം അനുസരിച്ച് പ്രവർത്തിക്കാനാണ് ഭരണഘടന ഗവർണർക്ക് അധികാരം നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

## വി.ശിവൻകുട്ടി

ഉച്ചഭക്ഷണ പദ്ധതി കേരളത്തിൽ പുതുമയോടെയാണ് നടപ്പാക്കുന്നതെന്ന് മന്ത്രി വി ശിവൻകുട്ടി. പോഷക മൂല്യമുള്ള ഭക്ഷണമാണ് കുട്ടികൾക്ക് വിതരണം ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. പ്രീ-പ്രൈമറിയിൽ മുതൽ എട്ടാം ക്ലാസ് വരെ സർക്കാർ- സർക്കാർ അംഗീകൃത വിദ്യാലയങ്ങളിൽ പഠിക്കുന്ന 26 ലക്ഷം കുട്ടികൾക്ക് 4 കിലോ വീതം അരി വിതരണം ചെയ്യുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&

## കെ.രാധാകൃഷ്ണൻ

കരിവന്നൂർ ബാങ്ക് തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് കെ രാധാകൃഷ്ണൻ എംപി, ഇ ഡി ക്ക് മുന്നിൽ ഹാജരായി. കൊച്ചിയിലെ ഓഫീസിലാണ് അദ്ദേഹം ഹാജരായത്. ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി നൽകുമെന്നും രേഖകൾ ആവശ്യപ്പെടും മുന്നേ തന്നെ ഹാജരാക്കിയിരുന്നതായും കെ രാധാകൃഷ്ണൻ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

PNU TVPM

&&&&&&&&&&&&&&&&

## കുടുംബശ്രീ

സംസ്ഥാനത്തെ മുപ്പത്തിയൊന്നായിരത്തിലേറെ കുടുംബശ്രീ ബാലസഭകളിൽ ഇന്ന് തിരഞ്ഞെടുപ്പ്. 4.6 ലക്ഷം കുട്ടികൾ പങ്കാളികളാകുന്നു. 10 നും 18 നും ഇടയിൽ പ്രായമുള്ള കുട്ടികളാണ് മത്സരിക്കുന്നത്. സംസ്ഥാനത്താകെ ഒരു ലക്ഷത്തിലേറെ ഭാരവാഹികളെ തിരഞ്ഞെടുക്കും.

&&&&&&&&&&&&&&&&

## ആകാശവാണി ശിൽപശാല

ആകാശവാണി തിരുവന്തപുരം നിലയത്തിൻറെ 75-ാാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പാറശാല കൊല്ലയിൽ ഗ്രാമപഞ്ചായത്തിൻറെ സഹകരണത്തോടെ നാളെ ശിൽപശാല സംഘടിപ്പിക്കുന്നു. അന്നവും ആരോഗ്യവും എന്ന പേരിൽ സംഘടിപ്പിക്കുന്ന ശിൽപശാല സി കെ ഹരീന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്യും. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി വി ശിവകുമാർ അധ്യക്ഷനാകും. ആകാശവാണി തിരുവന്തപുരം അസിസ്റ്റൻറ് ഡയറക്ടർ ശ്രീകുമാർ മുഖത്തല , കാർഷിക മേഖലയിലെ വിദഗ്ധർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&

## മലപ്പുറം - പരാതി

മലപ്പുറത്ത് പ്രസവത്തിനിടെ യുവതി മരിച്ച സംഭവത്തിൽ ഭർത്താവിനെതിരെ മനപ്പൂർവമല്ലാത്ത നരഹത്യക്ക് കേസെടുത്തു. ഇന്നലെ വൈകിട്ട് അറസ്റ്റ് ചെയ്ത പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കുമെന്ന് മലപ്പുറം എസ് പി അറിയിച്ചു. കേസെടുക്കണമെന്നാവശ്യപ്പെട്ട് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാ പൊലീസ് മേധാവിക്ക് പരാതി നൽകിയിരുന്നു.

&&&&&&&&&&&&&&&&

RIJU TVPM

## ഡോ.ഷിന അസീസ് (ഇൻട്രോ)

പ്രസവം ഏറെ സങ്കീർണതകൾ നിറഞ്ഞതാണെന്നും വൈദ്യ മേൽനോട്ടം

അത്യാവശ്യമാണെന്നും പൊതുജനാരോഗ്യ പ്രവർത്തക ഡോ.

ഷിംന അസീസ്. തെറ്റായ പ്രവണതകളെ പ്രോത്സാഹിപ്പിക്കുന്നത് അപകടങ്ങൾ വർദ്ധിപ്പിക്കുമെന്നും അവർ ആകാശവാണി വാർത്തകളോട് പറഞ്ഞു. **(ഹോൾഡ് വോയ്സ്.........)**

**&&&&&&&&&&&&&&&&**

## പട്ടയ വിതരണം-കെ.രാജൻ

RIJU TVPM

അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ 34 കുടുംബങ്ങൾക്കുള്ള പട്ടയ വിതരണം റവന്യൂ മന്ത്രി കെ രാജൻ ഇന്ന് ഉ ച്ചക്കുശേഷം പുന്നപ്ര വണ്ടാനത്തു നിർവഹിക്കും.

**&&&&&&&&&&&&&&&&**

## ഇടുക്കി (ഇൻട്രോ)

ഇടുക്കി ജില്ല സമ്പൂർണ ഹരിത പദവിയിലേയ്ക്ക്. ഇന്ന് നടക്കുന്ന ചടങ്ങിൽ മന്ത്രി റോഷി അഗസ്റ്റ്യൻ ഇടുക്കിയെ മാലിന്യമുക്ത ജില്ലയായി പ്രഖ്യാപിക്കും.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ......**

(വോയിസ്)

**&&&&&&&&&&&&&&&&**

## മാലിന്യം വലിച്ചെറിയൽ -പരാതി

മാലിന്യം വലിച്ചെറിയൽ സംബന്ധിച്ച പരാതി അറിയിക്കുന്നവർക്കുള്ള പാരിതോഷിക തുക ഉയർത്തുന്നത് സംസ്ഥാനത്ത് പരിഗണനയിൽ. 94467 00800 എന്ന വാട്സാപ് നമ്പറിൽ മാർച്ച് 31 വരെ 5762 പരാതി ലഭിച്ചു. വാട്സാപ്പിലൂടെ ലഭിച്ച പരാതികളിൽ മാത്രം 23.31 ലക്ഷം രൂപ പിഴ ചുമത്താനായി. ഈടാക്കുന്ന പിഴത്തുകയുടെ 25 ശതമാനമോ പരമാവധി 2,500 രൂപയോ ആണ് നിലവിലെ പാരിതോഷികം.

**&&&&&&&&&&&&&&&&**

## സംസ്ഥാന കേരളോത്സവം

സംസ്ഥാന യുവജന ക്ഷേമ ബോർഡ് തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കോതമംഗലത്ത് നടത്തുന്ന സംസ്ഥാന കേരളോത്സവത്തിന് ഇന്ന് തുടക്കമാകും. വൈകിട്ട് സാംസ്കാരിക ഘോഷയാത്ര സംഘടിപ്പിക്കും. മാർ ബേസിൽ സ്കൂൾ മൈതാനത്ത് സമ്മേളനം മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും.

RNU TVPM

**&&&&&&&&&&&&&&&&**

## ട്രായി

പണം തട്ടുന്നതിനായി ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തുന്ന സംഭവങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ ഉപയോഗ്താക്കൾ ജാഗ്രത പുലർത്തണമെന്ന് ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചു. ട്രായിയിൽ നിന്നാണെന്ന് അവകാശപ്പെട്ടുവരുന്ന ഫോൺവിളികൾ സ്വീകരിക്കരുതെന്ന് അതോറിറ്റി നിർദ്ദേശിച്ചു.

**&&&&&&&&&&&&&&&&**

## ഐഎസ്എൽ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിന്റെ ഫൈനലിൽ ബെംഗളൂരു, മോഹൻ ബഗാനുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന രണ്ടാം സെമി ഫൈനൽ മത്സരത്തിൽ മോഹൻ ബഗാൻ എതിരില്ലാത്ത രണ്ടു ഗോളിന് ജംഷഡ്പൂരിനെ പരാജയപ്പെടുത്തിയാണ് കലാശക്കളിക്ക് യോഗ്യത നേടിയത്. ഈമാസം 12 നാണ് ഫൈനൽ.

&&&&&&&&&&&&&&&&

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ആദ്യ മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ലക്നൗ സൂപ്പർ ജയിന്റ്സുമായും രണ്ടാമത്തെ കളിയിൽ പഞ്ചാബ് കിങ്സ്, ചെന്നൈ സൂപ്പർ കിങ്സുമായും ഏറ്റുമുട്ടും. ഇന്നലത്തെ മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെ, റോയൽ ചലഞ്ചേഴ്സ് ബംഗളൂരു പരാജയപ്പെടുത്തി.

RNU TVPM

&&&&&&&&&&&&&&&&

## ഓഹരി-സ്വർണം

രാജ്യത്ത് ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,155 പോയിന്റ് ഉയർന്ന് 74,293 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 364 പോയിന്റ് ഉയർന്ന് 22,525 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ്ണ വില കുറഞ്ഞു. പവന് 480 രൂപ താഴ്ന്ന് 65,800 രൂപയും ഗ്രാമിന് 60 രൂപ കുറഞ്ഞ് 8,225 രൂപയുമാണ് ഇന്നത്തെ വില.

**&&&&&&&&&&&&&&&&**

## കാലാവസ്ഥ

സംസ്ഥാനത്ത് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ ഇടിമിന്നലോടെ മഴയുണ്ടാകുമെന്ന് കാലാവസ്ഥാമുന്നറിയിപ്പ്. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ശക്തമായ മഴയ്ക്കുള്ള മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

**&&&&&&&&&&&&&&&&**

## ക്ഷേമ പെൻഷൻ

വിവിധ കാരണങ്ങളാൽ 2023 മുതൽ മുടങ്ങിയ 10,590 പേരുടെ ക്ഷേമ പെൻഷൻ നൽകാൻ സർക്കാർ ഉത്തരവ്. ഇവർക്ക് ഈ ജനുവരി വരെയുള്ള ക്ഷേമ പെൻഷൻ ലഭ്യമാകും.

RNU TVPM

**&&&&&&&&&&&&&&&&**

## എഐസിസി സമ്മേളനം

അഖിലേന്ത്യ കോൺഗ്രസ് കമ്മിറ്റിയുടെ 84-ാമത് ദേശീയ സമ്മേളനത്തിന് ഇന്ന് അഹമ്മദാബാദിൽ തുടക്കമാകും. വിശാല പ്രവർത്തകസമിതി യോഗം ഇന്ന് ചേരും. എഐസിസി സമ്മേളനം നാളെ സബർമതി നദീതീരത്ത് നടക്കും.

**&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&&&&&&&&&&&&&&&&**